# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ്

ചാക്ക, തിരുവനന്തപുരം-24

## നടപടിക്രമം

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പ്മെന്റ്, തിരുവനന്തപുരം - ഐ.എച്ച്.ആർ.ഡി സ്ഥിരജീവനക്കാരുടെ വിരമിക്കൽ പ്രായം 58 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

.................................................................................................................................

നമ്പർ ഐ.എച്ച്.ആർ.ഡി/1605/2023- ഇബി 3 തീയതി, 29.08.2025

.................................................................................................................................

പരാമർശം:-
1. 10.08.1989തീയതിലെ സ ഉ (കൈ ) നം . 159/89/ഉ.വി.വ നമ്പരിലുള്ള സർക്കാർ ഉത്തരവ്
2. 03.02.2000 തീയതിയിലെ 3231/ജെ2/2000/ഉവിവ നമ്പരിലുള്ള സർക്കാർ കത്ത്
3. 05.06.2000 തീയതിയിലെ 15500/ജെ2/2000/ഉവിവ നമ്പരിലുള്ള സർക്കാർ കത്ത്
4. ഇതേ കാര്യാലയത്തിലെ 28.02.2001ലെ ഇ1/5646/95/എച്ച്.ആർ.ഡി നമ്പരിലുള്ള നടപടിക്രമം
5. ഇതേ കാര്യാലയത്തിലെ ഇതേ നമ്പരിലുള്ള 20.01.2024 തീയതിയിലെ ശിപാർശ
6. 13.08.2025 തീയതിയിലെ സ ഉ (കൈ) നം. 606/ 2025/ ഉവിവ നമ്പരിലുള്ള സർക്കാർ ഉത്തരവ്
7. 20.08.2025 തീയതിയിൽ ചേർന്ന ഐ.എച്ച്.ആർ.ഡി ഗവേർണിംഗ് ബോഡിയുടെ 26-മത് യോഗത്തിലെ തീരുമാനം.

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവിലൂടെ നിലവിൽ വന്ന ഐ.എച്ച്.ആർ.ഡി സേവന ചട്ടങ്ങളിലെ ചട്ടം 2.(4) ലെ വ്യവസ്ഥ പ്രകാരം ഐ.എച്ച്.ആർ.ഡി സ്ഥിരജീവനക്കാരുടെ വിരമിക്കൽ പ്രായം 55 വയസ്സായി നിജപ്പെടുത്തിയിരുന്നു. പിന്നീട്, മേൽവിഭാഗം ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തി നിശ്ചയിക്കുന്നതിനുള്ള ശിപാർശ പരിഗണിച്ച 20.12.1999 ൽ നടന്ന ഐ.എച്ച്.ആർ.ഡി ഗവേർണിംഗ് ബോഡിയുടെ 13-മത് യോഗം പ്രസ്തുത വിഷയത്തിൽ അന്തിമതീരുമാനമെടുക്കാനുള്ള അധികാരം ഐ.എച്ച്.ആർ.ഡി ചെയർമാനിൽ നിക്ഷിപ്തമാക്കി പ്രമേയം അംഗീകരിക്കുകയും പരാമർശം (2) ലെ കത്തിലൂടെ വിരമിക്കൽ പ്രായം നിലവിലുണ്ടായിരുന്ന 55 വയസിൽ നിന്നും 58 വയസാക്കി ഉയർത്തി നിശ്ചയിക്കാനുള്ള ചെയർമാന്റെ അന്തിമതീരുമാനം സർക്കാർ ഐ.എച്ച്.ആർ.ഡി യെ അറിയിക്കുകയും ചെയ്തു. പരാമർശം (3) ലെ കത്തിലൂടെ സർക്കാർ മേൽ തീരുമാനം ആവർത്തിക്കുകയും ചെയ്തതിനെ തുടർന്ന് ഇതേ കാര്യാലയത്തിലെ പരാമർശം (4) ലെ നടപടിക്രമം പ്രകാരം ഐ.എച്ച്.ആർ.ഡി സ്ഥിരജീവനക്കാരുടെ വിരമിക്കൽ പ്രായം 55 വയസിൽ നിന്നും 58 വയസാക്കി ഉയർത്തി നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു.

എന്നാൽ, സംസ്ഥാന സർക്കാരിനു കീഴിലുള്ള ഐ.എച്ച്.ആർ.ഡിക്കു സമാനമായ ചില സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വിരമിക്കൽ പ്രായം 60 വയസായി ഉയർത്തി നിശ്ചയിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുള്ള സാഹചര്യവും ഐ.എച്ച്.ആർ.ഡി ജീവനക്കാർക്ക് നിലവിൽ യാതൊരുവിധ പെൻഷൻ പദ്ധതിയും നിലവിലില്ലാത്ത സവിശേഷ സാഹചര്യവും പരിഗണിച്ച് ഐ.എച്ച്.ആർ.ഡി-യിലെ സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം നിലവിലെ 58 വയസ്സിൽ നിന്ന് 60 വയസ്സായി ഉയർത്തി നിശ്ചയിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (5) ലെ കത്തു മുഖേന ഐ.എച്ച്.ആർ.ഡി ഡയറക്ടർ സർക്കാരിന് ശിപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിക്കുകയും പരാമർശം (6) ലെ സർക്കാർ ഉത്തരവ് പ്രകാരം 13.08.2025 തീയതി പ്രാബല്യം നൽകിക്കൊണ്ട് ഐ.എച്ച്.ആർ.ഡി സ്ഥിരജീവനക്കാരുടെ വിരമിക്കൽ പ്രായം നിലവിലെ 58 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തി നിശ്ചയിക്കുവാൻ അനുമതി നൽകുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, 20.08.2025 തീയതിയിൽ ചേർന്ന ഐ.എച്ച്.ആർ.ഡി ഗവേർണിംഗ് ബോഡിയുടെ 26-മത് യോഗം പ്രസ്തുത വിഷയം പരിഗണിക്കുകയും ഐ.എച്ച്.ആർ.ഡി സ്ഥിരജീവനക്കാരുടെ വിരമിക്കൽ പ്രായം 13.08.2025 തീയതി മുതൽ പ്രാബല്യത്തോടെ നിലവിലെ 58 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തി നിശ്ചയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

ആയതിനാൽ, ഐ.എച്ച്.ആർ.ഡി സ്ഥിരം ജീവനക്കാരുടെ വിരമിക്കൽ പ്രായം നിലവിലെ 58 വയസിൽ നിന്നും 13.08.2025 തീയതി മുതൽ പ്രാബല്യത്തോടെ 60 വയസ്സായി ഉയർത്തി നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഡോ. വി എ അരുൺ കുമാർ
ഡയറക്ടർ

**പകർപ്പ്:-** (1) എല്ലാ ഐ.എച്ച്.ആർ.ഡി ജീവനക്കാർക്കും.
(2) എല്ലാ സ്ഥാപനമേധാവികൾക്കും.
(3) അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ / ഫിനാൻഷ്യൽ കൺസൾട്ടന്റ് / ഫിനാൻസ് ഓഫീസർ/ അക്കൗണ്ട്സ് ഓഫീസർ, ഐ.എച്ച്.ആർ.ഡി ആസ്ഥാന കാര്യാലയം.
(4) കമ്പ്യൂട്ടർ എഞ്ചിനീയർ (പരസ്യപ്പെടുത്തുന്നതിന്).
(5) ഡയറക്ടറുടെ പേഴ്സണൽ അസിസ്റ്റന്റ്.
(5) കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.